DESPATCHED
On 17/02/2020

30/01/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No.2595(4)/2018/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.13468/*എസ്.ഐ.സി–ജി 2/2018*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഷാജിബാബു,<br>ദുർഗ,<br>അരിനല്ലൂർ പി.ഒ,<br>തേവലക്കര, കൊല്ലം. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,<br>തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി &<br>ഡയറക്ടർ,<br>ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,<br>കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 5 ഇനം ഫയലുകളെ സംബ ന്ധിച്ച രേഖകൾ ആവശ്യപ്പെട്ടു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക്

ഒരു മാസമായപ്പോഴാണ് രേഖകളുടെ പകർപ്പിന് 770 രൂപ അടയ്ക്കാൻ ആവശ്യപ്പെട്ട് മറുപടി തന്നതെന്നും, ഒരുമാസത്തിനുള്ളിൽ രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ, ആയതിന് ഫീസ് ഈടാക്കുന്നത് നിയമവിരുദ്ധമാണെന്നും, നൽകിയ രേഖകൾ അപൂർണമാണെന്നും, അതുകൊണ്ട് അടച്ച ഫീസ് തിരികെ നൽകണമെന്നും, മറുപടിയിൽ ഒന്നാം അപ്പീലധികാരിയുടെ പേരു ചേർത്തിട്ടില്ലെന്നും പരാതിപ്പെട്ടാണ് ടിയാൻ കമ്മീഷന് പരാതി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 23.12.2019 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹിയറിങ്ങിന് ഹാജരാകുന്നതിനുള്ള അസൗകര്യം അറിയിച്ചുകൊണ്ട് മുൻകൂട്ടി കമ്മീഷന് കത്ത് നൽകിയിരുന്നു.

3. ഒന്നാം എതിർകക്ഷി മൊഴി വിശദമായി തയ്യാറാക്കി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വളരെ പഴക്കമുള്ള ഫയലുകളുമായി ബന്ധപ്പെട്ട സൂക്ഷ്മമായ വിവരങ്ങളായിരുന്നുവെന്നും, ടി ഫയലുകൾ കണ്ടെത്തി, പേജുകൾ തിട്ടപ്പെടുത്തി പകർപ്പുകൾക്ക് ആവശ്യമായ പണം അടയ്ക്കുന്നതിന് അറിയിപ്പു നൽകാൻ സമയം വേണ്ടി വന്നുവെന്നും, അതുകൊണ്ടാണ് 30 ദിവസമാകുന്ന ഘട്ടത്തിൽ മറുപടി നൽകിയതെന്നും ടിയാൻ മൊഴിയിൽ പറഞ്ഞു. അപേക്ഷകൻ ആവശ്യപ്പെട്ട 2018 ആഗസ്റ്റ് 8 നു ചേർന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സമിതി യോഗത്തിന്റെ മിനിറ്റ്സ് സർക്കാർ അംഗീകരിച്ചു നൽകിയത്. 26.11.2018 ലെ 155/സി1/18/സാം.കാ.വ നമ്പർ കത്തുപ്രകാരമാണെന്നും, അതുകൊണ്ട് ടി പകർപ്പ് 14.09.18 നു നൽകാൻ കഴിയുന്നതായിരുന്നില്ല എന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

RIGHT TO INFORMATION

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. 30 ദിവസത്തിനുള്ളിൽ അപേക്ഷകന് വിവരങ്ങളും, ആവശ്യപ്പെട്ട രേഖകളും നൽകേണ്ടതായിരുന്നു എന്ന അപ്പീൽ ഹർജിക്കാരന്റെ വാദം ശരിയാണ്. എന്നാൽ മിനിറ്റ്സിന്റെ പകർപ്പ്, ആയത് സർക്കാർ അംഗീകരിച്ചു ലഭ്യമാക്കിയത് വിവരാവകാശ അപേക്ഷ നൽകി മൂന്നു മാസത്തിനുശേഷമായതുകൊണ്ട് അത് നൽകാൻ കഴിയുന്നതായിരുന്നില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ ശരിവയ്ക്കുന്നു.

5. എന്നാൽ അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുമ്പോൾ ഇതിൽ ചില സത്യസന്ധമല്ലാത്ത കാര്യങ്ങൾ അടങ്ങിയിരിക്കുന്നതായി കമ്മീഷൻ മനസ്സിലാക്കുന്നു. അപേക്ഷകൻ 14.08.2018 ൽ നൽകിയ വിവരാവകാശ അപേക്ഷയിലെയും, 06.10.2018 ൽ നൽകിയ ഒന്നാം അപ്പീലിലെയും, 24.11.2018 ൽ കമ്മീഷനു നൽകിയ അപ്പീൽ അപേക്ഷയിലെയും, 23.12.2019 ലെ കമ്മീഷന്റെ ഹിയറിംഗിൽ ഹാജരാകുന്നതിനുള്ള അസൗകര്യം അറിയിച്ചുകെണ്ട് 20.12.2019 ൽ കമ്മീഷനു നൽകിയ കത്തിലെയും ഒപ്പുകൾ പലവിധത്തിലുള്ളതാണ്. അതിന്റെയർത്ഥം ഒന്നുകിൽ ഈ അപേക്ഷകൾ ഒരാളുടെ പേരിൽത്തന്നെ പലവ്യക്തികൾ അയച്ചതായിരിക്കാം. അല്ലെങ്കിൽ, അപേക്ഷകനായ ശ്രീ.ഷാജിബാബുവിന്റെ പേരിൽ മറ്റാരെങ്കിലും അപേക്ഷകൾ നൽകിയതാകാം. ഇതിൽ ഏതാണെങ്കിലും ഇത് ശരിയായ നടപടിയല്ല. കുറ്റകരവുമാണ്. അപേക്ഷകനായ ശ്രീ. ഷാജിബാബു ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെയും, വിവരാവകാശ കമ്മീഷന്റെയും സമയം പാഴാക്കാൻ ചെയ്ത നിയമവിരുദ്ധ പ്രവർത്തനമായാണ് ഇത് കമ്മീഷൻ നിരീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള തട്ടിപ്പുകൾ വ്യാജരേഖചമയ്ക്കലിനു സമാനമായ കുറ്റമായി കാണേണ്ടി വരും. ഏതായാലും തൽക്കാലം കമ്മീഷൻ കൂടുതൽ നടപടികളിലേക്കു കടക്കുന്നില്ല. ഇത്തരത്തിലുള്ള നടപടികളുമായി ശ്രീ. ഷാജിബാബു മേലിലെങ്കിലും

മുന്നോട്ടുപോകരുതെന്ന് ടിയാനെ കമ്മീഷൻ കർശനമായി താക്കീതു ചെയ്യുന്നു.

6. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപ്പീൽ ഹർജി പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ച്, നിരസിക്കുന്നു.

7. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 30.01.2020 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re

RIGHT TO INFORMATION